ഉത്തരം

(എ) സംസ്ഥാനത്ത് നീര ഉത്പാദിപ്പിക്കുന്നതിനായി നാളികേര വികസന ബോർഡിന്റെ അംഗീകാരമുള്ള നാളികേര ഉൽപ്പാദക കമ്പനികൾക്കാണ് സർക്കാർ അനുമതി നൽകിയിട്ടുള്ളത്. ഇത്തരത്തിൽ 173 നാളികേര ഉൽപ്പാദക കമ്പനികൾക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിൽ 168 എണ്ണത്തിന് ലൈസൻസ് നൽകുകയുണ്ടായതായി എക്സൈസ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്. 2015-16 വർഷത്തേക്ക് 162 എണ്ണത്തിന് ലൈസൻസ് പുതുക്കി നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

നീര ഉൽപ്പാദക സംഘങ്ങൾക്ക് സഹായം ലഭ്യമാക്കുന്നത് സംബന്ധിച്ച് വിവിധ നിർദ്ദേശങ്ങൾ സർക്കാർതലത്തിൽ പരിശോധിച്ചുവരികയാണ്.

(ബി) സംസ്ഥാനത്തെ പല നീര ഉൽപ്പാദക യൂണിറ്റുകളിലും നീര ഫണി, ശർക്കര, ജാം, സ്ക്വാഷ്, നീര ഷുഗർ, നീര കേക്ക്, നീര ചോക്കലേറ്റ് തുടങ്ങിയ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നുണ്ട്.

പരിക്ഷണാടിസ്ഥാനത്തിൽ കേരാമൃതം, കേരചക്കര, കേര ജാം എന്നിവ ഉണ്ടാക്കുന്നതിനുള്ള പൈലറ്റ് യൂണിറ്റ് കാർഷിക സർവ്വകലാശാലയുടെ നീലേശ്വരം പടന്നക്കാട് കാർഷിക കോളേജിൽ പ്രവർത്തിച്ചുവരുന്നു.

നീര ഉൽപ്പാദനം, സംസ്കരണം, വിതരണം എന്നീ മേഖലകളുടെ വിപുലീകരണം

131 (1500) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും ഭൂഗർഭജലവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി ദയവായി മറുപടി പറയുമോ :

(എ) സംസ്ഥാനത്ത് നീര ഉത്പാദനവുമായി ബന്ധപ്പെട്ടുപ്രവർത്തിക്കുന്ന എത്ര കമ്പനികളാണുള്ളതെന്ന് വ്യക്തമാക്കുമോ ; അവ ഏതെല്ലാമാണ് എന്ന് വിശദമാക്കുമോ ;

(ബി) നീരചെത്ത്, നീരസംസ്കരണം, വിതരണം എന്നിവയിലായി ഇതുവരെ എത്ര പേർക്ക് തൊഴിൽ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ :

LIBRARY ARCHIVES Kerala Legislative Assembly

(സി) സോഫ്റ്റ് ഡ്രിങ്ക് വിൽപ്പന ശാലയിലൂടെ സീൽഡ് ബോട്ടിൽ നീര വിൽക്കുന്നതിന് എന്തുകൊണ്ടാണ് അനുമതി നൽകാത്തത് എന്ന് വ്യക്തമാക്കുമോ ;

(ഡി) അപകടമാം വിധം കീടനാശിനി ചേർത്തിട്ടുണ്ടെന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ട കുത്തക സോഫ്റ്റ് ഡ്രിങ്ക്സുകൾ വിൽക്കപ്പെടുമ്പോൾ ഔഷധ ഗുണമുള്ളതും ആൾക്കഹോളില്ലാത്തതുമായ നീര വിൽക്കാൻ കഴിയാത്തത് എന്തു കൊണ്ടാണ് എന്ന് വിശദീകരിക്കുമോ ;

(ഇ) നീരയുടെ ഉത്പാദന-വിതരണ മേഖല വിപുലീകരിക്കുന്നതിനാവശ്യമായ സത്വര നടപടികൾ കൈക്കൊള്ളുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നീര ഉത്പാദനവുമായി ബന്ധപ്പെട്ട് നാളികേര വികസന ബോർഡിന്റെ അംഗീകാരമുള്ള 173 നാളികേര ഉൽപ്പാദക ഫെഡറേഷനുകൾക്കാണ് സർക്കാർ അനുമതി നൽകിയിട്ടുള്ളതെന്നും ഇതിൽ 168 എണ്ണത്തിന് ലൈസൻസ് നൽകിയിട്ടുള്ളതായും എക്സൈസ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്. വിശദമായ വിവരങ്ങൾ കൃഷി വകുപ്പിൽ ലഭ്യമല്ല.

(ബി) കാർഷിക സർവ്വകലാശാലയുടെ നീലേശ്വരം, പടന്നക്കാട് കാർഷിക കോളേജിൽ 2014 നവംബർ 1 മുതൽ പരീക്ഷണാടിസ്ഥാനത്തിൽ നീര ഉൽപ്പാദനവും സംസ്കരണവും ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത യൂണിറ്റിനോടനുബന്ധിച്ച് താൽക്കാലികമായി ഏകദേശം 30 പേർ ജോലി ചെയ്യുന്നുണ്ട്. മറ്റ് വിവരങ്ങൾ കൃഷി വകുപ്പിൽ ലഭ്യമല്ല.

(സി-ഇ) സംസ്ഥാനത്ത് നാളികേര വികസന കോർപ്പറേഷനാണ് നീരയുടെ വിപണന ചുമതല ഏൽപ്പിച്ചിരിക്കുന്നത്. നാളികേര വികസന കോർപ്പറേഷൻ തിരുവനന്തപുരം സെക്രട്ടറിയേറ്റിൽ സ്ഥാപിച്ചിട്ടുള്ള വെൻഡിംഗ് മെഷീൻ മുഖേനയും നാളികേര വികസന കോർപ്പറേഷന്റെ ഏലത്തൂർ, എറണാകുളം ജില്ലയിലെ വൈറ്റില എന്നിവിടങ്ങളിലെ വിൽപന കേന്ദ്രങ്ങൾ മുഖേനയും നീര വിപണനം നടത്തുന്നുണ്ട്. നീരയുടെ വിപണനം ശക്തിപ്പെടുത്തുന്നതിനായി നാളികേര വികസന കോർപ്പറേഷന് 90 ലക്ഷം രൂപ നൽകിക്കഴിഞ്ഞു.

നീരയുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly